## പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഒൻപതാമത് റിപ്പോർട്ട്

(2014 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി കർഷകരെ കുടിയിറക്കുന്നതിനെയും മഹാരാജകുളവും വയലും നികത്തുന്നതിനെയും സംബന്ധിച്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഒൻപതാമത് റിപ്പോർട്ട്

(2014 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി കർഷകരെ
കുടിയിറക്കുന്നതിനെയും മഹാരാജകുളവും വയലും
നികത്തുന്നതിനെയും സംബന്ധിച്ച്

20/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

വാളയാറിൽ ഒരു സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും കർഷകരെ കുടിയിറക്കുന്നതും സമീപപ്രദേശത്തുള്ള മഹാരാജകളവും വയലും നികത്തുന്നതിനുമെതിരെ ലഭിച്ച ആക്ഷേപങ്ങളിലിന്മേലുള്ള പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ 9-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

കേരള-തമിഴ്നാട് സംസ്ഥാനാതിർത്തിയിൽ സ്ഥിതി ചെയ്യുന്നതും കേരള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ ഒന്നാമതായി വർത്തിക്കുന്നതുമായ ഒരു ചെക്ക് പോസ്റ്റാണ് വാളയാറിൽ സ്ഥാപിച്ചിരിക്കുന്നത്. വാളയാറിൽ പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റിൽ നിലനിൽക്കുന്നതായി പറയുന്ന അഴിമതിയും കെടുകാര്യസ്ഥതയുമായി ബന്ധപ്പെട്ട വാർത്തകളാണ് വാളയാറിനെ അടുത്തകാലത്ത് കൂടുതൽ ശ്രദ്ധാകേന്ദ്രമാക്കിയത്. സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിൽ നിത്യവും നടക്കുന്ന അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിന് നിരവധി നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ടെങ്കിലും അവ പൂർണ്ണമായും ഫലവത്തായിട്ടില്ല. ഈ സാഹചര്യത്തിലാണ് വാളയാർ ചെക്ക് പോസ്റ്റിലെ ഗതാഗത കുരുക്കിനും അവിടെ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിക്കും ഒരു ശാശ്വത പരിഹാരം കാണുന്നതിനായി അവിടെ ഒരു സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ നിർദ്ദിഷ്ട ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനുവേണ്ടി കർഷകരെയും അവിടുത്തെ കച്ചവടക്കാരെയും കുടിയിറക്കുകയും മഹാരാജകളവും വയലും നികത്തുകയും ചെയ്യുന്നതിനെതിരെ സമിതിയുടെ പാലക്കാട് സന്ദർശനത്തിൽ ലഭിച്ച നിവേദനത്തിൻ മേൽ സമിതി പഠനം നടത്തുകയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടുകളുടെയും സമിതിക്ക് വീണ്ടും ലഭിച്ച നിവേദനങ്ങളുടെയും വാണിജ്യ നികുതി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും നിഗമനങ്ങളും ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഈ റിപ്പോർട്ട് 2014 ഡിസംബർ 8-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 8.

# വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി കർഷകരെ കുടിയിറക്കുന്നതിനെയും മഹാരാജകുളവും വയലും നികത്തുന്നതിനെയും സംബന്ധിച്ച റിപ്പോർട്ട്

കേരള തമിഴ്നാട് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന വാളയാർ ടൗൺ അനുദിനം വളർന്നു വരുന്ന കേരളത്തിലെ ഒരു വ്യവസായ നഗരമാണ്. ലോക പൈതൃക പദവിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പശ്ചിമ ഘട്ടത്തിന്റെ ഭാഗമാണ് ഈ സ്ഥലം. ഇവിടെയാണ് കേരള-തമിഴ്നാട് അതിർത്തി ചെക്ക് പോസ്റ്റ് സ്ഥിതിചെയ്യുന്നത്. നാഷണൽ ഹൈവേ 17-ൽ സ്ഥിതിചെയ്യുന്ന ഈ ചെക്ക് പോസ്റ്റിൽ നിന്നും 32 കി.മീ. അകലെ മാത്രമാണ് കോയമ്പത്തൂർ പട്ടണം. വാളയാറിൽ പ്രവർത്തിക്കുന്ന സെയിൽടാക്സ് ചെക്ക് പോസ്റ്റിലെ അഴിമതിയും കെടുകാര്യസ്ഥതയുമായി ബന്ധപ്പെട്ട വാർത്തകളാണ് വാളയാറിനെ അടുത്ത കാലത്ത് കൂടുതൽ ശ്രദ്ധാകേന്ദ്രമാക്കിയത്. കേരള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഒന്നാമതായി വർത്തിക്കുന്ന ചെക്ക് പോസ്റ്റാണിത്.

2. പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ വാളയാർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ചെക്ക് പോസ്റ്റിനോടനുബന്ധിച്ചു നിലനിന്നുവരുന്ന ഗതാഗതക്കുരുക്കിനും ചെക്ക് പോസ്റ്റിലെ നടപടിക്രമവുമായി ബന്ധപ്പെട്ട് നടക്കുന്നതായി പറയപ്പെടുന്ന അഴിമതിക്കും ഒരു ശാശ്വത പരിഹാരം കാണുന്നതിന്റെ ഭാഗമായാണ് വാളയാറിൽ ഒരു സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കാൻ സർക്കാർ തീരുമാനമെടുത്തത്. ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കോടതി പരിഹരിച്ചാലുടൻ തന്നെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്ന ഒരു സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ചരക്ക് വാഹനങ്ങൾ കാലവിളംബം കൂടാതെ പരിശോധന പൂർത്തിയാക്കുന്നതിനായി സ്കാനിംഗ് മെഷീനും വേയിംഗ് മെഷീനും മറ്റ് ആധുനിക സജ്ജീകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും മറ്റനുബന്ധ ക്രമീകരണങ്ങളും ഇതോടനുബന്ധിച്ച് വാളയാറിൽ ഒരുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായും സമിതി മനസ്സിലാക്കുന്നു.

3. സംസ്ഥാനത്ത് വാല്യൂ ആഡഡ് ടാക്സ് സമ്പ്രദായം നിലവിൽ വന്നതിനെ തുടർന്ന് ഇന്റർനെറ്റ് വഴി അഡ്വാൻസ് ആയി ടാക്സ് അടയ്ക്കുവാൻ സാധിക്കുമെന്നതിനാൽ വാളയാർ ചെക്ക് പോസ്റ്റിലെ തിരക്ക് കുറയ്ക്കാൻ ഒരു പരിധിവരെ സാധിക്കുന്നതാണ്. വാളയാർ ചെക്ക് പോസ്റ്റിൽ ചരക്ക് വാഹന പരിശോധനയ്ക്ക് വളരെയധികം കാലതാമസം ഉണ്ടാകുന്നതുമൂലം ട്രക്കുകളിലും മറ്റു വാഹനങ്ങളിലും ഇതുവഴി ചരക്ക് നീക്കം നടത്തുന്നതിന് വ്യാപാരികൾ വിമുഖത കാണിക്കുന്ന സാഹചര്യം നിലവിലുള്ളതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൊമേഴ്സ്യൽ ടാക്സ്, മോട്ടോർ വെഹിക്കിൾ, എക്സൈസ്, വനം എന്നീ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം യാഥാർത്ഥ്യമാക്കുന്നതിലൂടെ വാളയാറിൽ ഇന്ന് അനുഭവപ്പെട്ടുവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കഴിയുമെന്ന ചിന്തയും സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിനുള്ള നീക്കത്തിന് ആക്കം കൂട്ടിയിരുന്നു.

4. വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനുവേണ്ടി കർഷകരെ കുടിയിറക്കുന്നതിനെതിരെയും നിർദ്ദിഷ്ട സ്ഥലവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന മഹാരാജകുളവും വയലുകളും നികത്തുന്നതിനെതിരെയും പുതുശ്ശേരി പഞ്ചായത്തിൽ 8-ാം വാർഡിൽപ്പെട്ട വാളയാർ നിവാസികളായ ഒരു കൂട്ടം ആളുകൾ സമിതിയുടെ 25-9-2012-ലെ പാലക്കാട് സന്ദർശനവേളയിൽ സമിതിക്ക് നിവേദനം സമർപ്പിക്കുക യുണ്ടായി. ചെറുകിട ഇടത്തരം കർഷകരും സാധാരണക്കാരുമായ ഇവരിൽ പലരും വാളയാർ ഡാം നിർമ്മാണത്തിനും എൻ.എച്ച്. 17 ഹൈവേ വീതികൂട്ടുന്നതിനും വേണ്ടി ഒന്നും രണ്ടും തവണ കുടിയിറക്കപ്പെട്ടവരാണെന്ന് നിവേദനത്തിൽ പറഞ്ഞിരിക്കുന്നു. ഒരു പുരുഷായുസ്സിൽ ഒരു പ്രാവശ്യം മാത്രമേ ഒരു ജനതയെ കുടിയിറക്കാൻ പാടുള്ളുവെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടെന്നും എന്നാൽ നിർദ്ദിഷ്ട സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിന്റെ പേരിൽ ഇവിടത്തെ 130 കുടുംബങ്ങളിൽപ്പെട്ട ആയിരത്തിൽപ്പരം ആളുകളെയും വ്യാപാര സ്ഥാപനങ്ങളെയും യാതൊരു പുനരധിവാസ പാക്കേജുമില്ലാതെ കുടിയിറക്കുവാനാണ് സർക്കാരിന്റെ നീക്കമെന്നും നിവേദനത്തിൽ പറയുന്നു. ചെക്ക് പോസ്റ്റിനായി അവരുടെ 30 ഏക്കർ കൃഷിയിടങ്ങളും രണ്ട് കുളങ്ങളും മണ്ണിട്ട് നികത്തപ്പെടുമെന്നും ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതും 5 ഏക്കർ വിസ്തീർണ്ണമുള്ളതും ഈ പ്രദേശത്തെ മുഖ്യജല സ്രോതസ്സുമായ മഹാരാജകുളവും നികത്തപ്പെടുമെന്നും നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. മഹാരാജകുളം നിറഞ്ഞാലാണ് സമീപത്തുള്ള കുളങ്ങളിലേക്കും നെൽപ്പാടങ്ങളിലേക്കും ജലം ലഭിക്കുന്നതെന്നും കുളം നികത്തുന്നത് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാണെന്നും അതിരൂക്ഷമായ ജലക്ഷാമത്തിന് അത് കാരണമാകുമെന്നും 50 മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന റിസർവ്വ് ഫോറസ്റ്റിൽ ജീവിക്കുന്ന അപൂർവ്വമായ വന്യമൃഗങ്ങൾക്ക് കുടിക്കുവാനുള്ള വെള്ളം നിലനിർത്തുന്നതിൽ മഹാരാജകുളത്തിന് പ്രധാന പങ്കുണ്ടെന്നും കുടിയിറക്കില്ലാതെയും ജലസ്രോതസ്സുകൾ നശിപ്പിക്കാതെയും ഇവിടെ ചെക്ക് പോസ്റ്റ് നിർമ്മിക്കുവാൻ അനുയോജ്യമായ തരിശ്ശുഭൂമി സമീപത്ത് തന്നെ വേണ്ടത്ര ലഭ്യമാണെന്നും നിവേദനത്തിൽ അറിയിച്ചിരുന്നു. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി ഈ സ്ഥലത്തുനിന്നും ഒഴിവാക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്നാണ് ഹർജിക്കാർ പ്രസ്തുത നിവേദനത്തിൽ അഭ്യർത്ഥിച്ചിരുന്നത്.

5. നിവേദനത്തിൻമേൽ റിപ്പോർട്ട് നൽകണമെന്നാവശ്യപ്പെട്ട് നിവേദനത്തിന്റെ പകർപ്പുകൾ 30-11-2012-ൽ പരിസ്ഥിതി, റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി, ജലവിഭവം എന്നീ വകുപ്പുകൾക്ക് നൽകുകയുണ്ടായി. നിവേദനത്തിലെ വിഷയങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതാകയാൽ തുടർനടപടിക്കായി റവന്യൂ വകുപ്പിന് കൈമാറിയതായി പരിസ്ഥിതി വകുപ്പ് അറിയിച്ചു. തുടർന്ന് റവന്യൂ (പി) വകുപ്പിൽ നിന്നും ലഭിച്ച 17-7-2013-ലെ റിപ്പോർട്ടിൽ താഴെപ്പറയുന്ന വിവരങ്ങൾ റവന്യൂ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

6. വാളയാർ ചെക്ക് പോസ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് വാളയാർ നിവാസികൾ (ശ്രീ. രവികുമാർ മുതൽപേർ) സമർപ്പിച്ച പരാതിയിന്മേൽ വാളയാർ ചെക്ക് പോസ്റ്റ് നിർമ്മാണവുമായി ചുമതലപ്പെടുത്തിയിട്ടുള്ള എൽ.എ.ഒ. മുഖാന്തിരം അന്വേഷണം നടത്തിയതിൽ പരാതിയിൽ പരാമർശിച്ചിരിക്കുന്ന

മഹാരാജകുളം, വില്ലേജ് റിക്കാർഡിലെ ബി.ടി.ആർ. പ്രകാരം പറമ്പായിട്ടാണ് കാണുന്നതെന്നും 6-2-2013-ന് പ്രസ്തുത സ്ഥലം പരിശോധന നടത്തിയതിൽ വളരെ ചെറിയ സ്ഥലത്തുമാത്രം വെള്ളം കെട്ടിക്കിടക്കുന്നതായും ബാക്കിഭാഗം കാടുപിടിച്ചു കിടക്കുന്നതായും കാണാൻ കഴിഞ്ഞെന്നും പരാതിയിലെ മറ്റൊരു പരാമർശമായ ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിന് അനുയോജ്യമായ മറ്റ് തരിശ് ഭൂമി ലഭ്യമാണെന്നുള്ള വാദം വാസ്തവ വിരുദ്ധമാണെന്നും നിലവിലെ ചെക്ക് പോസ്റ്റിന്റെ പരിസരത്തൊന്നും അത്തരത്തിലുള്ള തരിശ് ഭൂമി സർക്കാരിന്റെ കൈവശത്തിലില്ലായെന്നും പ്രസ്തുത സ്ഥലത്തിന്റെ പരിസരത്ത് മറ്റ് വ്യക്തികളുടെ സ്വകാര്യഭൂമികളാണെന്നും അവ കൃഷി ചെയ്തും കച്ചവടം നടത്തിയും വാസഗൃഹങ്ങളായും ഉപയോഗിക്കപ്പെടുന്നുവെന്നും എൽ.എ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളതായും അറിയിച്ചിരുന്നു.

7. കൂടാതെ ചെക്ക് പോസ്റ്റ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തുള്ള മഹാരാജകുളം, കോയമ്പത്തൂർ-പാലക്കാട് ദേശീയ പാതയുടെ ഇടതുവശത്താണ് സ്ഥിതി ചെയ്യുന്നതെന്നും ഹൈവേയുടെ മറുവശം വനഭൂമിയാണെന്നും ആ ഭാഗത്ത് റയിൽവേ ലൈൻ കടന്നുപോകുന്നുണ്ടെന്നും പ്രസ്തുത ട്രാക്കും, തിരക്കേറിയ ദേശീയ പാതയും മറികടന്ന് വന്യമൃഗങ്ങൾ മറുവശത്തെത്തി മേൽ കുളത്തിൽ നിന്നും വെള്ളം കുടിക്കുന്നുണ്ടെന്ന വാദം കഴമ്പില്ലാത്തതാണെന്നും വാളയാർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നതായി പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ടെന്നും മാത്രമല്ല ചെക്ക് പോസ്റ്റിനായുള്ള നിർദ്ദിഷ്ട സ്ഥലത്ത് നെൽകൃഷി വളരെ കുറവാണെന്നും കൃഷി ആവശ്യത്തിന് വാളയാർ അണക്കെട്ടിലെ ജലത്തെയാണ് ഈ പ്രദേശത്തുള്ളവർ ആശ്രയിക്കുന്നതെന്നും മഹാരാജകുളം പ്രകൃതിദത്തമല്ല മറിച്ച് പാഴ്ജലം മാത്രമാണെന്നും പ്രസ്തുത നിലമെടുപ്പിലൂടെ വ്യാപകമായ കുടിയിറക്കൽ പ്രശ്നങ്ങളില്ലെന്നും പ്രസ്തുത സ്ഥലത്ത് ജനവാസം കുറവും വ്യാപാര സ്ഥാപനങ്ങൾ വിരളമാണെന്നും ഡെപ്യൂട്ടി കമ്മീഷണർ, വാണിജ്യവകുപ്പ്, പാലക്കാടും, പാലക്കാട് ജില്ലാ കളക്ടറും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും റവന്യൂ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ റിപ്പോർട്ടുവിവരം സമിതി നിർദ്ദേശപ്രകാരം പരാതിക്കാരിൽ ഒന്നാം പേരുകാരനായ ശ്രീ. രവികുമാറിനെ അറിയിച്ചതിനെ തുടർന്ന് 24-3-2014-ൽ അദ്ദേഹം സമിതിക്ക് സമർപ്പിച്ച പുനഃഹർജിയിലെ പ്രസക്തഭാഗം ചുവടെ ചേർക്കും പ്രകാരമായിരുന്നു:

8. മഹാരാജകുളം ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതും സ്ഥലത്തെ കർഷകർ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി കൂട്ടായി ഉപയോഗിച്ചുവരുന്നതും പ്രദേശത്തെ മുഖ്യജലസ്രോതസ്സും വാളയാർ നീർത്തടത്തിന്റെ ഹൃദയവുമാണ്. 30-12-1970-ലെ 8247-ാം നമ്പർ പതിച്ചുകൊടുക്കൽ സർട്ടിഫിക്കറ്റ് അനുസരിച്ച് സർവ്വേ നമ്പർ 1500/3D ടാങ്കാണെന്ന് (കുളം) രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ അബദ്ധവശാൽ 1972-ലെ റീസർവ്വേ അനുസരിച്ച് പുരയിടമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൊട്ട് എതിർവശമുള്ള വാളയാർ വനത്തിലെ വന്യമൃഗങ്ങളുടെ ഏക ആശ്രയമാണ് ഈ കുളം. വാളയാർ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ട് അടിസ്ഥാനരഹിതമാണ്. സമീപപ്രദേശങ്ങളിൽ 200 ഏക്കറോളം നെൽകൃഷിയും (ഇരുപൂവൽ), തെങ്ങിൻ തോപ്പുകളും പച്ചക്കറി കൃഷിയും ഉണ്ട്. വാളയാർ ഡാമിലെ വെള്ളം ഇവിടെ കൃഷിക്ക് ലഭിക്കുന്നു എന്ന് പറയുന്നത് സത്യവിരുദ്ധമാണ്.

9. ഈ കുളം പ്രകൃതിദത്തമായ ഒന്നല്ല എന്നും മറിച്ച് പാഴ്ജലം മാത്രമാണെന്നും പ്രസ്തുത നിലമെടുപ്പിലൂടെ വ്യാപകമായ കുടിയിറക്കൽ പ്രശ്നങ്ങൾ ഇല്ലെന്നും സ്ഥലത്ത് ജനവാസം കുറവും വ്യാപാരസ്ഥാപനങ്ങൾ ഇല്ലെന്നും ഉള്ള വാണിജ്യവകുപ്പ് ഡെപ്യൂട്ടി കമ്മീഷണറുടെയും പാലക്കാട് ജില്ലാ കളക്ടറുടെയും റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണ്. ചെക്ക് പോസ്റ്റ്, പാലക്കാട്-കോയമ്പത്തൂർ NH 17 റോഡ്, വാളയാർ വനപ്രദേശം, സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പെയ്യുന്ന മഴവെള്ളം മുഴുവനും ശേഖരിച്ചുനിർത്തി കൃഷിക്ക് ജലസേചനത്തിന് ഉപകരിക്കുകയും ഈ പ്രദേശത്തിന്റെ ഭൂഗർഭജല റീചാർജ്ജ് നടത്തുകയും ചെയ്യുന്നത് ഈ കുളമാണ്. ഈ കുളവും ഇവിടുത്തെ കൃഷിസ്ഥലവും നികത്തിയാൽ അതിരൂക്ഷമായ ജലക്ഷാമത്തിന് ഇടവരുത്തും. മാത്രമല്ല ഇവിടത്തെ പരിസ്ഥിതി സന്തുലിതാവസ്ഥയും ആവാസവ്യവസ്ഥയും തകിടം മറിയും. ഇവിടത്തെ ജനങ്ങളുടെ തൊഴിൽ കൃഷിയും കച്ചവടവുമാണ്. ഇത് രണ്ടും ഇല്ലാതായാൽ അവർ ആത്മഹത്യ ചെയ്യുന്നതിന് നിർബന്ധിതരാകും. നിലവിലെ ചെക്ക് പോസ്റ്റിന്റെ പരിസരത്ത് മുമ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതുപോലെ വേണ്ടത്ര തരിശുഭൂമി ലഭ്യമാണ്. അത് ഏറ്റെടുത്ത് ചെക്ക് പോസ്റ്റ് സ്ഥാപിക്കുകയാണെങ്കിൽ കുടിയിറക്കലും മഹാരാജകുളവും കൃഷിസ്ഥലങ്ങളും നികത്തുന്നതും ഒഴിവാക്കുവാൻ കഴിയും. പ്രസ്തുത സ്ഥലത്ത് "മഹാരാജ കുളം" എന്ന പേരിൽ ഒരു കുളം ഉണ്ടെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ സമ്മതിച്ചിട്ടുള്ളതാണ്. പ്രസ്തുത കുളം നികത്തുന്നതിന് സ്റ്റേ ഉത്തരവും ഉണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണറുടെ 7-1-2014-ലെ LRC-8-47797/12 നടപടിക്രമത്തിൽ ചെക്ക് പോസ്റ്റിനായി ഉദ്ദേശിക്കുന്ന സ്ഥലത്തിൽ മഹാരാജകുളം ഒഴികെയുള്ള ഭൂമി മാത്രമേ ആവശ്യമുള്ളൂ എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാകുന്നു. 25-9-2012-ൽ നിയമസഭാ പരിസ്ഥിതി സമിതി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ഇത് കുളമാണെന്ന് കണ്ട് ബോദ്ധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ അനുകൂല നടപടി ഉണ്ടാകണമെന്നാണ് പുനഃഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

10. പ്രസ്തുത ഹർജി റിപ്പോർട്ടിനായി റവന്യൂ, വാണിജ്യ നികുതി എന്നീ വകുപ്പുകളിലേക്ക് അയച്ചുകൊടുത്തിരുന്നു. ജലവിഭവവകുപ്പിൽനിന്നും ലഭിച്ച 2-1-2014-ലെ 29304/എം.ഐ2/2012/ജവിവ. നമ്പർ റിപ്പോർട്ടിലൂടെ സമിതിക്ക് ലഭ്യമാക്കിയ വിശദാംശം ചുവടെ ചേർക്കും പ്രകാരമായിരുന്നു:

11. വളരെ പുരാതനമായ 3.90 ഏക്കർ വിസ്തീർണ്ണമുള്ള കുളമാണ് മഹാരാജകുളം. ഇതിൽ മാർച്ച് മാസം അവസാനം വരെ ജലം ലഭ്യമാണ്. ഇതിന്റെ ഉടമസ്ഥത സ്വകാര്യ വ്യക്തിയുടെ കൈവശമാണ്. പ്രധാന കാച്ച്മെന്റ് ഏരിയ ഉൾപ്പെടുന്ന വനപ്രദേശത്തിന്റെ പരിസരത്തായി നിലനിൽക്കുന്ന മഹാരാജകുളം-വെള്ളിങ്കിരികുളം ഏകദേശം 150 ഏക്കർ കൃഷിഭൂമിക്ക് പ്രയോജനം ചെയ്തുവരുന്നതിനാൽ കുളങ്ങളെ ഇന്നത്തെ സാഹചര്യത്തിൽ ഭാവിയിലും സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. പ്രസ്തുത കുളം ഹൈവേയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. കുളത്തിന്റെ മറുവശങ്ങളിൽ കൃഷിഭൂമിയാണ്. ഹൈവേയുടെ മറുവശം വനഭൂമിയാണ്. ആ ഭാഗത്ത് റെയിൽവേ ലൈൻ കടന്നുപോകുന്നുണ്ട്. ഹൈവേക്ക് അടിയിലൂടെ ഒരു കൾവർട്ട് മുഖാന്തിരം വനഭൂമിയിൽ നിന്നും ഒഴുകിവരുന്ന ജലം കുളത്തിൽ എത്തുന്നു. ഇതാണ് കുളത്തിന്റെ ഇൻലെറ്റ്. മറുവശത്തായി ഔട്ട്ലെറ്റും താഴെ ചെറുകുളങ്ങളും ഉള്ളതായി അറിയാൻ

കഴിഞ്ഞു. പൊതുവേ വരൾച്ച അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിൽ ഇത്തരത്തിലുള്ള കുളങ്ങളാണ് ജലനിരപ്പ് നിയന്ത്രിക്കുന്നത്. കുളങ്ങളുടെ പരിരക്ഷണത്തിന് വകുപ്പ് നൽകുന്ന പ്രത്യേക പരിഗണന കണക്കിലെടുത്താൽ കുളം നിലനിർത്തി കൊണ്ടുള്ള വികസന പ്രവർത്തനങ്ങളാകും ഉചിതം.

12. ജലവിഭവ വകുപ്പ് ലഭ്യമാക്കിയ മേൽപ്പറഞ്ഞ റിപ്പോർട്ട് 12-2-2014-ലെ സമിതി യോഗം പരിഗണിക്കുകയും ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതേസമയം ഇക്കാര്യത്തിലുള്ള കൃഷി (എൻ.സി.എ.) വകുപ്പിന്റെ 5-6-2014-ലെ 37923/എൻസിഎ3/2012/കൃഷി നമ്പർ റിപ്പോർട്ട് ചുവടെ പറയും പ്രകാരമായിരുന്നു:

13. പാലക്കാട് ജില്ലയിൽ പുതുശ്ശേരി ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് 32-ൽ സർവ്വേ നമ്പർ 294/10-ൽ റോഡിന്റെ പാർശ്വഭാഗത്തായി മഹാരാജകുളം എന്ന ബോർഡ് സ്ഥാപിച്ചിരിക്കുന്നു. ഇടതുഭാഗത്തായി ഏകദേശം ഒരു ഹെക്ടർ പ്രദേശം കുളമായി കാണാൻ കഴിഞ്ഞു. ഇതിന്റെ ഉടമസ്ഥത പെരിയമുത്തു കൗണ്ടറുടെയും ചിന്നമുത്തു കൗണ്ടറുടെയും പേരിലാണ്. കനത്ത വേനൽമൂലം കുളം വറ്റിയെങ്കിലും മദ്ധ്യഭാഗത്തായി വെള്ളം കാണുന്നുണ്ട്. കുളത്തിന്റെ തെക്കുഭാഗത്തായി ഏകദേശം 10-12 ഏക്കർ നിലത്ത് നെല്ല്, വാഴ, പച്ചക്കറി എന്നിവ കുളത്തിലെ വെള്ളം ഉപയോഗിച്ച് സ്ഥിരമായി കൃഷി ചെയ്ത് വരുന്നുണ്ട്. നെല്ല് വിളവെടുത്തെങ്കിലും കുറ്റിപ്പയറും വാഴയും കിഴക്കുഭാഗത്ത് ഏകദേശം 15 ഏക്കർ സ്ഥലത്ത് തെങ്ങും മറ്റ് ഇടവിളകളും കൃഷി ചെയ്യുന്നുണ്ട്. മഹാരാജകുളത്തിന്റെ തെക്ക് ഭാഗത്ത് ഏകദേശം ഒന്നര ഏക്കർ വീതം വിസ്തീർണ്ണമുള്ള 2 കുളങ്ങളും അതിനു താഴെ കൃഷിയിടങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. ഈ കുളങ്ങളിലേക്ക് മഹാരാജകുളത്തിൽനിന്നും ചാലുകീറി വെള്ളം നൽകുന്നുണ്ട്. സമീപപ്രദേശങ്ങളിലെ കിണറുകളിലേക്കും അതുവഴി കൃഷിക്കുമുള്ള ജലത്തിന്റെ ഏക സ്രോതസ്സ് ഈ കുളമാണ്.

14. 1970-ലെ പട്ടയപ്രകാരം കുളമായി നിലകൊണ്ടിരുന്ന ഈ പ്രദേശം റീസർവ്വേ പ്രകാരം 294/10-ൽ പുരയിടമായി നിലകൊള്ളുന്നു. റീസർവ്വേ ചെയ്തപ്പോൾ തണ്ണീർത്തടം പുരയിടമായി മാറ്റപ്പെട്ടതായി കരുതുന്നതായും എന്നാൽ നേരിട്ട് കണ്ടതിൽ കുളമായി നിലകൊള്ളുന്നതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കുളത്തിലെ വെള്ളമുപയോഗിച്ച് എട്ടു ബ്ലോക്കുകളിലായി വിവിധ കൃഷികൾ ചെയ്യുന്നുണ്ട്. പ്രസ്തുത കുളം നികത്തുന്നത് പ്രദേശത്തെ കൃഷിയെ പ്രതികൂലമായി ബാധിക്കും. പ്രദേശത്തെ കിണറുകളിൽ ഉറവ മായുന്നതിനും കുടിവെള്ളത്തിന് തന്നെ ക്ഷാമം അനുഭവപ്പെടുന്നതിനും ഇത് കാരണമാകും. ഈ വിഷയം സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ജലവിഭവ വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു.

15. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 9-10-2014-ലെ സമിതി യോഗം, ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി റവന്യൂ, വാണിജ്യ നികുതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പു സെക്രട്ടറിമാരിൽനിന്നും ഹർജിക്കാരുടെ പ്രതിനിധിയിൽനിന്നും തെളിവെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം 2014 ഒക്ടോബർ മാസം 29-ാം തീയതി നിയമസഭാ കോംപ്ലക്സിൽ വച്ച് നടന്ന തെളിവെടുപ്പിൽ

സമിതി വാണിജ്യ നികുതി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരുടെ പ്രതിനിധി എന്നിവരിൽനിന്നും വിശദമായ തെളിവെടുപ്പ് നടത്തുകയുണ്ടായി. യോഗത്തിൽ വാണിജ്യ നികുതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമായിരുന്നു:

16. വാളയാർ സംയോജിത ഇൻ ചെക്ക് പോസ്റ്റിന് വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 26-8-2006-ൽ വാണിജ്യ നികുതി വകുപ്പ് നൽകിയ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ 1894-ലെ പൊന്നും വില ചട്ടം 4(1) പ്രകാരം പരസ്യപ്പെടുത്തുകയും ആയതിന്റെ പ്രഖ്യാപനം 1-1-2008, 10-4-2008, 1-8-2008 എന്നീ തീയതികളിലായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതുപ്രകാരം പാലക്കാട് താലൂക്ക് പുതുശ്ശേരി ഈസ്റ്റ് വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലായി ആകെ 29.44 ഏക്കർ ഭൂമിയാണ് പൊന്നും വിലയ്ക്കെടുക്കാൻ നടപടി സ്വീകരിച്ച് വന്നിരുന്നത് (ആകെ 9 ബ്ലോക്കുകൾ). ഇവയിൽ മഹാരാജകുളം സ്ഥിതിചെയ്യുന്ന ബ്ളോക്ക് 3-ൽ 3.85 ഏക്കർ ഭൂമി ഒഴിവാക്കിയാണ് ഭൂമിയേറ്റെടുക്കൽ നടപടി സ്വീകരിച്ചിട്ടുള്ളത്. കുളം നികത്തുവാനല്ല മറിച്ച് അത് നിലനിർത്തിക്കൊണ്ട് സംയോജിത ചെക്ക് പോസ്റ്റ് പ്രവർത്തിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടാണ് KITCO സമർപ്പിച്ചിട്ടുള്ളത്. നിവേദനത്തിലെ മറ്റു പരാതികളെ സംബന്ധിച്ച് ചുവടെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നു:

17. മഹാരാജകുളം ഈ സ്ഥലത്തെ മുഖ്യ ജലസ്രോതസ്സല്ല. പരിസരവാസികൾ ജലത്തിനായി ആശ്രയിക്കുന്നത് മലമ്പുഴ ഡാമിൽ നിന്നുള്ള വെള്ളത്തെയാണ്. വേനൽക്കാലത്ത് ചുറ്റുമുള്ള തരിശുഭൂമിയും പ്രസ്തുത കുളവും തമ്മിൽ വേർതിരിച്ചറിയുവാൻ തന്നെ ബുദ്ധിമുട്ടാണ്. ജലത്തിന്റെ ദൗർലഭ്യംമൂലം കൃഷിയിറക്കിയിട്ട് വർഷങ്ങളായതിനാൽ മേൽപ്പറഞ്ഞ സ്ഥലവും മറ്റ് തരിശ് നിലവും ഒരേ പോലെയാണ് നിലകൊള്ളുന്നത്. കുളം സ്ഥിതിചെയ്യുന്നത് NH 17-ന്റെ തെക്ക് വശത്താണ്. അവിടെ റിസർവ്വ് ഫോറസ്റ്റില്ല. NH 17-ന്റെ വടക്ക് വശത്താണ് വനം ഉള്ളത്. അവിടെ വാഹനങ്ങൾ നിരന്തരം കടന്നുപോകുന്ന 4 വരി ദേശീയപാത മുറിച്ചുകടന്ന് വടക്ക് വശത്തെ വന്യമൃഗങ്ങൾ തെക്ക് വശത്തുള്ള കുളത്തിൽ വെള്ളം കുടിക്കാൻ വരാറുണ്ടെന്ന പ്രസ്താവന വസ്തുതാപരമായി ശരിയാണെന്ന് കാണുന്നില്ല. മേൽ കാരണങ്ങളാൽ ഭൂമിയുടെ തൽസ്ഥിതി സംബന്ധിച്ച് റവന്യൂ വകുപ്പ് നൽകിയ റിപ്പോർട്ടിനോട് വാണിജ്യ നികുതി വകുപ്പും യോജിക്കുന്നു.

18. വാളയാറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി മറ്റേതെങ്കിലും സ്ഥലം കണ്ടെത്തി ഈ പ്രശ്നത്തിൽ ഒരു ശാശ്വത പരിഹാരം കാണുവാൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ പ്രസ്തുത സ്ഥലത്ത് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള എട്ടുകേസ്സുകളിൽ അന്തിമവിധി വരുന്നതുവരെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കണമെന്ന വാക്കാലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വാണിജ്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യത്തിലേറെ പുറമ്പോക്ക് ഭൂമിയുള്ള സാഹചര്യത്തിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഈ പ്രദേശത്തെ ജലസ്രോതസ്സും കൃഷിയിടങ്ങളും നികത്തി ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നത് അനുചിതമല്ലേ എന്ന സമിതിയുടെ ചോദ്യത്തിന് ഇതുസംബന്ധിച്ച നിർമ്മാണ

പ്രവർത്തനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുന്നത് റവന്യൂ വകുപ്പായതിനാൽ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുമായി ചർച്ചചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണെന്ന് നികുതി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

19. റവന്യൂ, ജലവിഭവം, കൃഷി എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ പൊരുത്തക്കേടുകൾ ഉണ്ടെന്ന് കണ്ടെത്തിയ സമിതി വാണിജ്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് താരതമ്യേന വസ്തുതാപരമാണെന്ന് വിലയിരുത്തുകയുണ്ടായി. കൂടാതെ മഹാരാജകുളം ജലസ്രോതസ്സല്ലായെന്ന് റവന്യൂ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് അംഗീകരിക്കുവാൻ കഴിയുകയില്ലെന്നും സമിതി വിലയിരുത്തി.

20. ഈ വിഷയത്തിൽ തെളിവെടുപ്പുവേളയിൽ ഹാജരായിരുന്ന നിവേദകന്റെ അഭിപ്രായം സമിതി ആരാഞ്ഞപ്പോൾ "അഴിമതിരഹിത വാളയാർ ചെക്ക് പോസ്റ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ക്രമീകരണങ്ങളും നിലവിലെ ചെക്ക് പോസ്റ്റിൽ ഏർപ്പെടുത്തിയതിനുശേഷം ആയത് ഉപേക്ഷിക്കുന്നതിനും വനമേഖലയോട് ചേർന്നുള്ള പ്രധാന ജലസേചന ഉപാധിയായ മഹാരാജകുളവും അനുബന്ധ പ്രദേശങ്ങളും കൃഷിയിടങ്ങളും നികത്തി സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുമുള്ള ശ്രമം ഈ മേഖലയിലെ കാർഷിക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് നിവേദകൻ സമിതിയെ ധരിപ്പിച്ചു. കൂടാതെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ റവന്യൂ അധികാരികൾ സ്ഥലപരിശോധന നടത്തുകയും നിലവിലെ ചെക്ക് പോസ്റ്റിന് പിന്നിലുള്ള സ്ഥലം കണ്ടെത്തുകയും നിർദ്ദിഷ്ട ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കാമെന്ന് ജില്ലാ കളക്ടർ വാണിജ്യ വകുപ്പിനെ അറിയിക്കുകയും ചെയ്തെങ്കിലും വകുപ്പ് പ്രതികൂലമായ നിലപാടാണ് സ്വീകരിച്ചതെന്ന് നിവേദകൻ കൂട്ടിച്ചേർക്കുകയും ചെയ്തു.

21. മഹാരാജകുളത്തിന്റെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞ സമിതി വിവിധ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ കുളത്തിന്റെ വിസ്തൃതി സംബന്ധിച്ച കണക്കുകളിലെ വൈരുദ്ധ്യം ചൂണ്ടിക്കാണിച്ചപ്പോൾ പ്രസ്തുത കുളത്തിന്റെ വിസ്തൃതി 3.5 ഏക്കറാണെന്ന് പാലക്കാട് ജില്ലാ കളക്ടർ സമിതിയെ അറിയിക്കുകയുണ്ടായി.

22. നിർദ്ദിഷ്ട ചെക്ക് പോസ്റ്റ് നിർമ്മിക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് കാര്യമായ കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്നും കാർഷികാവശ്യത്തിന് ഈ പ്രദേശത്തുകാർ വാളയാർ അണക്കെട്ടിലെ ജലമാണ് ഉപയോഗിക്കുന്നതെന്നുമുള്ള റവന്യൂ വകുപ്പിന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വസ്തുതാപരമല്ലായെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

23. 29-10-2014-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായി വിശദീകരണം നൽകിയശേഷം നിവേദകൻ ഒരു തുടർനിവേദനംകൂടി സമിതിക്ക് ലഭ്യമാക്കിയിരുന്നു. നിർദ്ദിഷ്ട സംയോജിത ചെക്ക് പോസ്റ്റിനുവേണ്ടി വാളയാറിൽ 40 ഏക്കർ സ്ഥലമാണ് സർക്കാർ ഏറ്റെടുക്കുവാൻ ശ്രമിക്കുന്നതെന്നും എന്നാൽ ഇത്രയുമധികം സ്ഥലം ഇതിനാവശ്യമില്ലെന്നും ടൂറിസ്റ്റ് പ്ലാസ, സ്വിമ്മിംഗ് പൂൾ, പെട്രോൾ പമ്പ് മുതലായവ ഒന്നുംതന്നെ ഒരു ചെക്ക് പോസ്റ്റിന് അനിവാര്യമായ കാര്യങ്ങളല്ലെന്നും നിലവിലുള്ള

ചെക്ക് പോസ്റ്റിന് സമീപത്തും പുറകുവശത്തുമായി ആവശ്യമായ വ്യാപ്തിയിൽ 40 ഏക്കറിലേറെ വിസ്തൃതമായ തരിശുഭൂമി സർവ്വേ നമ്പർ 239, 245, 251, 252, 253, 254, 258 എന്നിവയിൽ ലഭ്യമായിരുന്നിട്ടുകൂടി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ജില്ലാ കളക്ടറോ മറ്റ് ഉദ്യോഗസ്ഥരോ ഇത് പരിശോധിക്കുവാൻ തയ്യാറാകാതെ മഹാരാജകുളവും കൃഷിസ്ഥലങ്ങളും വാസസ്ഥലങ്ങളും ഒക്കെ ഒഴിപ്പിച്ചേ അടങ്ങൂ എന്ന പിടിവാശിയിലാണെന്നും തുടർനിവേദനത്തിൽ വിവരിക്കുന്നു. കൂടാതെ യാതൊരു ആസൂത്രണവുമില്ലാതെ നിർമ്മിക്കപ്പെട്ട നിരവധി കെട്ടിടങ്ങൾ ഇവിടെയുണ്ടെന്നും ഇവയിൽ പലതും നിർദ്ദിഷ്ട ചെക്ക് പോസ്റ്റിനു വേണ്ടി പൊളിച്ചുമാറ്റേണ്ടി വരുമെന്നും നിവേദനത്തിൽ പറഞ്ഞിരിക്കുന്നു.

24. വാളയാർ പോലീസ് സ്റ്റേഷനു സമീപം വട്ടപ്പാറയിൽ നിർമ്മിച്ചിട്ടുള്ള ഇരുനില കെട്ടിടവും ആദ്യമേ അക്വയർ ചെയ്ത 5 ഏക്കർ സ്ഥലവും 10 വർഷമായിട്ടും ഉപയോഗിക്കാതെ അനാഥമായി കിടക്കുന്നെന്നും ഔട്ടർ ചെക്ക് പോസ്റ്റ് ഇവിടേക്ക് മാറ്റി സ്ഥാപിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് പോലും നടപ്പാക്കിയിട്ടില്ലെന്നും നിവേദകൻ വെളിപ്പെടുത്തുന്നു.

25. എന്നാൽ, ആദ്യ നിവേദനത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് 28-10-2014-ലെ 69538/ഇപിഎ3/2014/തസ്വഭവ. നമ്പരായി ലഭ്യമാക്കിയ റിപ്പോർട്ട് താഴെപ്പറയും പ്രകാരമായിരുന്നു:

26. പാലക്കാട് ജില്ലയിലെ വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളുടെ ഭാഗമായി നടത്തിയ സർവ്വേയിൽ പ്രസ്തുത പ്രദേശത്തെ ഏതാനും കർഷകരുടെ ഭൂമിയും ചില കുളങ്ങൾ, വയലുകൾ എന്നിവയും ഭാഗികമായി നികത്തുവാനുള്ള സാദ്ധ്യത വകുപ്പധികൃതർ പ്രാദേശിക വാസികളുടെ ശ്രദ്ധയിൽപ്പെടുത്തി എന്നല്ലാതെ ആധികാരികമായി നിർദ്ദേശങ്ങളൊന്നും തന്നെ വിൽപ്പന നികുതി, റവന്യൂ എന്നീ വകുപ്പുകളിൽനിന്നും നാളിതുവരെ ഉണ്ടായിട്ടില്ലെന്നും സംയോജിത ചെക്ക് പോസ്റ്റ് പ്രാവർത്തികമാക്കുമ്പോഴുണ്ടാകുന്ന സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് പ്രദേശവാസികൾക്ക് അതിയായ ഉത്കണ്ഠയുണ്ടെന്നും നാമമാത്രമായ കർഷകർക്ക് അവരുടെ വിളനിലം നഷ്ടപ്പെടുമോ എന്ന ശങ്ക ദൂരീകരിക്കുന്നതിന് കഴിയാതിരുന്നതാണ് പരാതിക്കടിസ്ഥാനമായ കാരണമെന്നും നിർദ്ദിഷ്ട പദ്ധതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ യാതൊരു കത്തിടപാടുകളും പഞ്ചായത്തുമായി നടത്തിയിട്ടില്ലായെന്നും സംയോജിത ചെക്ക് പോസ്റ്റ് പ്രാവർത്തികമാക്കുകയാണെങ്കിൽ ഭാഗികമായെങ്കിലും കർഷകരെ കുടിയൊഴിപ്പിക്കുന്നത് അനിവാര്യമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

27. സംസ്ഥാന അതിർത്തിയിൽ പ്രവർത്തിച്ചുവരുന്നതും വിവിധ വകുപ്പുകളുടെ കീഴിൽ വരുന്നതുമായ ചെക്ക് പോസ്റ്റുകളുടെ പൊതുവായ പ്രവർത്തനങ്ങളിൽ ഉളവാകുന്ന അനഭിലഷണീയ പ്രവണതകൾ നിരവധിയാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെത്തന്നെ ഗുരുതരമായ തരത്തിൽ ബാധിക്കാവുന്ന അത്തരം പ്രതിലോമകരമായ പ്രവർത്തനങ്ങളെ ഫലപ്രദമായി തടയേണ്ടത് തികച്ചും അനിവാര്യം തന്നെയാണ്. അതുപോലെ സുപ്രധാനമായ ഇന്റർസ്റ്റേറ്റ് ഹൈവേകളിൽ സ്ഥാപിക്കപ്പെട്ടിരുക്കുന്ന ചെക്ക് പോസ്റ്റുകൾ സ്ഥലപരിമിധികൊണ്ടും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവംകൊണ്ടും

സൃഷ്ടിക്കുന്ന ഗതാഗതതടസ്സങ്ങളും മറ്റനുബന്ധപ്രശ്നങ്ങളും സംസ്ഥാനത്തിന്റെ പൊതുവായ വികസനപ്രക്രിയയെ പിന്നോട്ടടിക്കുന്നവയാണ്. ഇത്തരത്തിലൊരു സാഹചര്യത്തിലാണ് സംസ്ഥാനത്തെ ഏറ്റവും പഴക്കമുള്ളതും പ്രാധാന്യമേറിയതുമായ വാളയാറിലെ അതിർത്തി ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും ഏകീകരിക്കുന്നതിനുമുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടത്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ കാര്യക്ഷമമായും മാതൃകാപരമായും വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ചെക്ക് പോസ്റ്റുകളുടെ മാതൃകയിൽ വാളയാർ ചെക്ക് പോസ്റ്റും ആധുനികവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ആരംഭഘട്ടത്തിൽത്തന്നെ നിരവധി തടസ്സങ്ങൾ രൂപപ്പെടുകയുണ്ടായി. തീർത്തും സുപ്രധാനമായ ഒരു മേഖലയിൽ ഒരു ആധുനികമായ സംയുക്ത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിലേക്കായി അവശ്യം വേണ്ട സ്ഥലലഭ്യതയുടെ കാര്യത്തിൽപ്പോലും വിവിധ സർക്കാർ വകുപ്പുകൾക്കും തദ്ദേശവാസികൾക്കും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഒരു സമവായത്തിലെത്താൻ കഴിയുന്നില്ല എന്ന വസ്തുത ഏറെ ഗൗരവപൂർവ്വം കാണേണ്ടതാണെന്ന് സമിതി ഓർമ്മിപ്പിക്കുന്നു.

28. ഏതൊരു നൂതന വികസന സംരംഭത്തിന്റെയും കാര്യത്തിലെന്നപോലെ വാളയാർ ചെക്ക് പോസ്റ്റിന്റെ ആധുനികവൽക്കരണത്തിന്റെ കാര്യത്തിലും പാരിസ്ഥിതികമായ ഒട്ടേറെ വിഷയങ്ങൾ രൂപപ്പെടുകയുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് പരിസ്ഥിതി സംബന്ധിച്ച സമിതി മുമ്പാകെയും പരാതി ലഭിക്കുകയുണ്ടായത്. അപ്രകാരം പരാതിക്കാസ്പദമായ സ്ഥലം നേരിൽ കാണുകയും ഇതുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലഭ്യമാക്കിയ രേഖാമൂലമുള്ള റിപ്പോർട്ടുകൾ വിശകലനം ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പരാതിക്കാരെയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ വാളയാറിലെ നിർദ്ദിഷ്ട സംയുക്ത ചെക്ക് പോസ്റ്റിന്റെ നവീകരണത്തിനായി സ്ഥലമെടുക്കുന്ന കാര്യത്തിൽ ഉണ്ടായിരിക്കുന്ന അവ്യക്തതയെയും ആക്ഷേപങ്ങളെയും സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

29. പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെയും ജലസ്രോതസ്സുകളും നെൽവയലുകളും നശിപ്പിക്കാതെയുമായിരിക്കണം വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതെന്നു വിലയിരുത്തിയ സമിതി നിർദ്ദിഷ്ട സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ വിഷയങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്ന് ശിപാർശ ചെയ്യുന്നു.

30. ചെക്ക് പോസ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടിവരുന്ന ആളുകളുമായും ഇതുമൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങൾ നേരിട്ടനുഭവിക്കുന്ന പ്രദേശത്തെ മറ്റ് ജനവിഭാഗങ്ങളുമായും പരിസ്ഥിതി സംഘടനകളുമായും ചർച്ച ചെയ്ത് അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്തുവേണം പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതെന്ന് സമിതി നിർദ്ദേശിക്കുന്നു.

31. കൃഷിയിടങ്ങളും ജലസ്രോതസ്സുകളും നശിപ്പിക്കാതെയും കുടിയൊഴിപ്പിക്കലുകൾ പരമാവധി ലഘൂകരിച്ചും ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിനായി ഈ പ്രദേശത്ത് മറ്റ് സ്ഥലങ്ങൾ ലഭ്യമാണോ എന്നത് സംബന്ധിച്ച് സമഗ്രമായ ഒരു പഠനം റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഇതര വകുപ്പുകളെ ഉൾപ്പെടുത്തി നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. നിർദ്ദിഷ്ട ചെക്ക് പോസ്റ്റ് നിർമ്മിക്കുവാൻ അനുയോജ്യമായ തരിശുഭൂമി സമീപപ്രദേശത്ത് എവിടെയെങ്കിലും ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശം ഈ ആവശ്യത്തിന് പര്യാപ്തമാണോ എന്ന കാര്യം പര്യാലോചിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

33. ചെക്ക് പോസ്റ്റ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ ആളുകളെ കുടിയൊഴിപ്പിക്കുന്നത് പരമാവധി ഒഴിവാക്കിക്കൊണ്ടും തരിശായ റവന്യൂ പുറമ്പോക്ക് ഭൂമി ഫലപ്രദമായി ഉപയോഗപ്പെടത്തക്കവിധത്തിലും ആകേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. കൂടാതെ ബദൽ നിർദ്ദേശമായി സമിതി മുമ്പാകെ ഉയർന്നുവന്ന വാളയാർ പോലീസ് സ്റ്റേഷന് എതിർവശം വട്ടപ്പാറയിൽ NH 47-ൽ പുതിയതായ നിർമ്മിച്ചിട്ടുള്ള ഓവർബ്രിഡ്ജിന്റെ തെക്കുഭാഗത്തായി തരിശായികിടക്കുന്ന സ്ഥലം ഏറ്റെടുത്ത് ചെക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക എന്ന ആശയം നടപ്പാക്കുകയാണെങ്കിൽ ഹൈവേയിൽ വരുന്ന മറ്റ് വാഹനങ്ങൾക്ക് യാതൊരു തടസ്സവും ഉണ്ടാകില്ലെന്നും കൂടാതെ മറ്റ് മാർഗ്ഗങ്ങളിൽ കൂടി ടാക്സ് വെട്ടിച്ച് വരുന്ന വാഹനങ്ങളെ നിയന്ത്രിക്കാൻ കഴിയുമെന്നും ഉള്ള വസ്തുത പരിഗണിച്ച് ഈ ബദൽ നിർദ്ദേശം നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. വാളയാറിലെ നിർദ്ദിഷ്ട സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണം അതിന്റെ പൂർണ്ണ രൂപത്തിൽ പൂർത്തീകരിക്കുന്നതിലേക്കായി 30 ഏക്കർ കൃഷിയിടങ്ങളും രണ്ട് കുളങ്ങളും, ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ളതും 3½ ഏക്കർ വിസ്തീർണ്ണമുള്ളതുമായ മഹാരാജകുളവും മണ്ണിട്ട് നികത്തപ്പെടുമെന്നും ഇത് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരായ നടപടിയാണെന്നും സമിതി വിലയിരുത്തുന്നു. എന്നാൽ റവന്യൂ വകുപ്പിന്റെ റിപ്പോർട്ടിൽ മഹാരാജകുളം വില്ലേജ് റിക്കാർഡിലെ ബി. ടി. ആർ. പ്രകാരം പറമ്പായിട്ടാണ് കാണുന്നതെന്നും പ്രസ്തുത സ്ഥലം പരിശോധന നടത്തിയതിൽ വളരെ ചെറിയ ഭാഗത്തുമാത്രം വെള്ളം കെട്ടികിടക്കുന്നതായും ബാക്കി ഭാഗം കാട് പിടിച്ച് കിടക്കുന്നതായും പറയുന്നു. ഇത്തരം അടിസ്ഥാന വിവരങ്ങളിൽത്തന്നെ പ്രകടമായ വൈരുദ്ധ്യം നിലനില്ക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തെ റവന്യൂ രേഖകളും പ്രദേശത്തെ ഭൂമിയുടെ നിലവിലെ അവസ്ഥയും ഒരു സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേകമായി പരിശോധിക്കപ്പെടണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

36. മഹാരാജകുളം നികത്തുന്നത് പ്രദേശത്തെ കൃഷിയെ പ്രതികൂലമായി ബാധിക്കുമെന്നും പ്രദേശത്തെ കിണറുകളിൽ ഉറവ മായുന്നതിനും കുടിവെള്ളത്തിനു തന്നെ ക്ഷാമം അനുഭവപ്പെടുന്നതിന് കാരണമാകുമെന്നുമുള്ള കൃഷി വകുപ്പിന്റെ

വിലയിരുത്തൽ വസ്തുതാപരമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കൃഷി വകുപ്പിന്റെ മേൽപ്പറഞ്ഞ റിപ്പോർട്ടിലെ കണ്ടെത്തൽ കൂടി ഉൾക്കൊണ്ടായിരിക്കണം ഇക്കാര്യത്തിലുള്ള അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതെന്ന് സമിതി നിർദ്ദേശിക്കുന്നു.

37. കൂടാതെ സ്ഥലം ഏറ്റെടുക്കേണ്ട സാഹചര്യം വന്നാൽ അനിവാര്യമായും കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ഫലപ്രദമായ പുനരധിവാസ പാക്കേജ് കാലേകൂട്ടി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. എല്ലാത്തിലുമുപരിയായി കുടിയൊഴിപ്പിക്കലുകൾ പരമാവധി ലഘൂകരിക്കത്തക്കവിധത്തിലും പരിസ്ഥിതി ആഘാതമുണ്ടാകാത്തവിധത്തിലും ഗതാഗത തടസ്സവും കാലതാമസവും കഴിയുന്നത്ര ഒഴിവാക്കുന്ന വിധത്തിലും നമ്മുടെ സംസ്ഥാനത്തേക്ക് കടന്നുവരുന്ന ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ള യാത്രക്കാർക്കും മറ്റ് സഞ്ചാരികൾക്കും യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകാത്തവിധത്തിലുമുള്ള ഒരു ആധുനിക ചെക്ക് പോസ്റ്റ് സമുച്ചയം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഒത്തൊരുമിച്ച് പരിശ്രമിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2014 ഡിസംബർ 8.

സി. പി. മുഹമ്മദ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*